പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7454 — 14.07.2014-ലെ മറുപടിക്ക്

ക്ഷീരമേഖലയുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഹംസ: | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്തെ ക്ഷീരമേഖലയുടെ വികസനത്തിനായി 2012-2013 വർഷത്തിൽ എത്ര തുക വകയിരുത്തിയിരുന്നുവെന്നും പ്രസ്തുത ഫണ്ട് ഉപയോഗിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയതെന്നും വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കാമോ; | (എ) 2012-13 സാമ്പത്തിക വർഷത്തിൽ ആകെ 10182.47 ലക്ഷം രൂപയാണ് ക്ഷീര വികസന വകുപ്പിന് ബഡ്ജറ്റ് വിഹിതമായി ലഭിച്ചത്. ആയതിൽ വകുപ്പുതല പദ്ധതികൾക്കായി 4000 ലക്ഷം രൂപയും പൊതുമേഖലാ/കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾക്ക് 2280 ലക്ഷം രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 68.85 ലക്ഷം രൂപയും അഡീഷണൽ സെൻട്രൽ അസിസ്റ്റൻഡ് ഇനത്തിൽ 93.62 ലക്ഷം രൂപയും 13-൰ ധനകാര്യ കമ്മീഷൻ അവാർഡ് ഇനത്തിൽ 3740 ലക്ഷം രൂപയുമാണ് അനുവദിച്ചിരുന്നത്.<br>1. വകുപ്പ് തല പദ്ധതികൾക്കായി ലഭിച്ച 4000 ലക്ഷം രൂപ താഴെ പറയും പ്രകാരം പദ്ധതി നടത്തിപ്പിനായിട്ടാണ് വിനിയോഗിച്ചിട്ടുള്ളത്. |

| | |
|---|---|
| I. ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും ഉപദേശക സർവ്വീസും. | 235 ലക്ഷം |
| ii. ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം | 1090.15 ലക്ഷം. |
| iii. തീറ്റപ്പുൽകൃഷി വികസനം | 470 ലക്ഷം |
| iv. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം | 1300 ലക്ഷം |
| v.കാലിത്തീറ്റ സബ്സിഡി | 839.85 ലക്ഷം |
| vi. ഗുണനിയന്ത്രണ ലാബുകളുടെ ശാക്തീകരണം | 15 ലക്ഷം |
| vii. ക്ഷീര കർഷക ക്ഷേമനിധിക്കുള്ള ധനസഹായം | 50 ലക്ഷം. |
| II. പൊതു മേഖലാ സ്ഥാപനങ്ങൾക്കും കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം താഴെ പറയും പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്. | |
| I കേരളാ ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് | 1130 ലക്ഷം |
| ii. മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ | 750 ലക്ഷം |
| iii. കേരളാ കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ | 400 ലക്ഷം |

III. അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ്

ക്ഷീര സഹകരണ സംഘങ്ങൾക്ക് മിൽക്ക് അനലൈസറും കംപ്യൂട്ടറുകളും വാങ്ങുന്നതിന് ധനസഹായമായി 93.62 ലക്ഷം രൂപ വിനിയോഗിച്ചു.

IV. കേന്ദ്രാവിഷ്കൃത പദ്ധതികൾ (100%) ക്കായി ലഭിച്ച തുക

മലബാർ മേഖലയിൽപ്പെട്ട കോഴിക്കോട് ജില്ലയിലെ ക്ഷീരസഹകരണ സംഘങ്ങൾക്ക് SIQ&CMP പദ്ധതി നടപ്പാക്കുന്നതിനായി വിനിയോഗിച്ചു.

V. 13-ാം ധനകാര്യ കമ്മീഷൻ അവാർഡ്

13-ാം ധനകാര്യ കമ്മീഷൻ അവാർഡ് ഇനത്തിൽ വകുപ്പിന് ബഡ്ജറ്റിൽ ഉൾപ്പെടുത്തി ലഭിച്ച 3740 ലക്ഷത്തിൽ 300 ലക്ഷം വകുപ്പിനും ബാക്കി തുക മൃഗസംരക്ഷണം, KSPDC, KLDB എന്നീ സ്ഥാപനങ്ങൾക്കും അനുവദിച്ച് നൽകിയിരുന്നു. വകുപ്പിന് ലഭിച്ച 300 ലക്ഷം രൂപ വകുപ്പിന്റേയും ക്ഷീരസഹകരണ സംഘങ്ങളുടേയും കംപ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾക്കായി തിരുവനന്തപുരം, കൊല്ലം, കോട്ടയം, കാസറഗോഡ് ജില്ലകൾക്കും 5 ക്ഷീര പരിശീലന കേന്ദ്രങ്ങൾക്കും ക്ഷീര കർഷക ക്ഷേമനിധി ബോർഡിനുമാണ് അനുവദിച്ചിട്ടുള്ളത്.

| | |
|---|---|
| (ബി) പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ; | (ബി) ക്ഷീര സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനായി ക്ഷീര വികസന വകുപ്പ് 'ക്ഷീര സഹകരണ സംഘങ്ങളുടെ ശാക്തീകരണം' എന്ന പദ്ധതി നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പുതുതായി രജിസ്റ്റർ ചെയ്യുന്ന സംഘങ്ങൾക്കും പ്രവർത്തന രഹിതമായ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് ധനസഹായം, പാൽ സംഭരണ /ശേഖരണ മുറി നിർമ്മാണത്തിന് ധനസഹായം, FSSA രജിസ്ട്രേഷനുള്ള ധനസഹായം, ക്ഷീര സഹകരണ സംഘങ്ങൾക്ക് മിൽക്ക് പ്രോസസിംഗ് /ചില്ലിംഗ്/പാക്കിംഗ്/കാറ്റിൽ ഫീഡ് യൂണിറ്റ് തുടങ്ങുന്നതിന് ധനസഹായം, ഫാർമർ ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് ധനസഹായം, AMC യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം, ക്ഷീര കർഷകർക്ക് ആവശ്യമായ വിവരങ്ങൾ ഉടനടി ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള ഇൻഫർമേഷൻ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് ധനസഹായം എന്നിവ നടപ്പാക്കുന്നു. |
| (സി) 2013-2014 വർഷത്തിൽ ക്ഷീരമേഖലയുടെ വികസനത്തിനായി ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്ന് വിശദമാക്കാമോ ? | (സി) ഒറ്റപ്പാലം ബ്ലോക്കിൽ 2013-14 വർഷത്തിൽ ക്ഷീരമേഖലയുടെ വികസനത്തിനായി ക്ഷീര വികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ താഴെ ചേർക്കുന്നു.<br>1. റൂറൽ ഡയറി എക്സ്റ്റൻഷൻ ആന്റ് അഡ്വൈസറി സർവ്വീസ് ഇനത്തിൽ 36,750/- രൂപ<br>2. ക്ഷീര സഹകരണ സംഘങ്ങളുടെ നവീകരണ പദ്ധതി ഇനത്തിൽ 5,91,000/- രൂപ<br>3. തീറ്റപ്പുൽ കൃഷി വികസന പദ്ധതി ഇനത്തിൽ 2,08,113/- രൂപ<br>4. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം |

ഇനത്തിൽ 6,10,000/- രൂപ

5. ഫീഡ് സപ്ലിമെന്റ് ഇനത്തിൽ 1,01,000/- രൂപ
6. ആർ.കെ.വി.വൈ (ഹൈജീൻ കിറ്റ്) 2,97,500/- രൂപ
7. കാറ്റിൽ ഫീഡിംഗ് സബ്സിഡി (ക്ഷീര വികസന വകുപ്പ്) 2,75,412/-രൂപ
8. കാറ്റിൽ ഫീഡിംഗ് സബ്സിഡി (ഗ്രാമപഞ്ചായത്ത് വകുപ്പ്) 15,38,817/- രൂപ
9. ആത്മ 39,250/- രൂപ

---

ആകെ. 36,97,842/- രൂപ.

==============================

സെക്ഷൻ ഓഫീസർ